(2) തൊഴിലാളികളുടെ ലഭ്യതക്കുറവ്.

(3) അപ്രതീക്ഷിതമായ കാലാവസ്ഥാ വ്യതിയാനം.

(4) നെൽപ്പാടങ്ങൾ നികത്തി വിൽക്കുമ്പോൾ കൂടുതൽ വില ലഭിക്കുന്നു.

(5) വിളവെടുപ്പു സമയത്തുണ്ടാകുന്ന നെല്ലിന്റെ വിലയിടിവ്.

(6) ഉൽപ്പാദന ചെലവിൽ വന്ന ക്രമാതീതമായ വർദ്ധനവ്.

(ഇ) പഠനം നടത്തിയിട്ടില്ല.

(എഫ്) സംസ്ഥാനത്ത് ഇപ്പോൾ 41,261 ഹെക്ടർ സ്ഥലം തരിശു ഭൂമിയായി കിടക്കുന്നതായി കണക്കാക്കിയിരിക്കുന്നു.

(ജി) കുടുംബശ്രീയുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് 2004-2005 വരെ 26164.30 ഹെക്ടർ തരിശുഭൂമിയിൽ കൃഷിചെയ്തിട്ടുണ്ട്. ഇതിൽ ഏതാണ്ട് 50% സ്ഥലത്ത് നെൽകൃഷിയാണ് ചെയ്തിട്ടുള്ളത്. കൂടാതെ നടപ്പു സാമ്പത്തികവർഷം 10,000 ഹെക്ടർ തരിശുഭൂമിയിൽ തൊഴിൽരഹിതരായ യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് നെൽകൃഷി ചെയ്യുന്നതിനുള്ള ഒരു പദ്ധതി നടപ്പിലാക്കുന്നുണ്ട്.

(എച്ച്) & (ഐ) നെൽപ്പാടങ്ങൾ സംരക്ഷിക്കുന്നതിന് നിലവിലുള്ള 1967-ലെ കേരള ഭൂ വിനിയോഗ നിയമം പര്യാപ്തമാണ്. ടി നിയമപ്രകാരം നെൽപ്പാടങ്ങൾ നികത്തുന്നതും തമിശിടുന്നതും, മറ്റു വിളകൾക്കായി ഉപയോഗിക്കുന്നതും കർശന മായി നിയന്ത്രിച്ചിട്ടുണ്ട്. നിയമം കർശനമായി നടപ്പിലാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

നാളികേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും

104 [404] *ശ്രീ. മഞ്ഞളാംകുഴി അലി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ എന്തൊക്കെ സഹായങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സഹായ പദ്ധതികൾ കൃഷിവകുപ്പ് ഫലപ്രദമായി വിനിയോഗി ക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) തെങ്ങിന്റെ വേരുചീയൽ, മണ്ഡരി രോഗം എന്നിവയെക്കുറിച്ച് കാർഷിക സർവ്വകലാശാല നടത്തിവരുന്ന ഗവേഷണങ്ങൾ ഫലപ്രാപ്തിയിൽ എത്തിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നാളികേര ടെക്നോളജി മിഷൻ പദ്ധതിപ്രകാരം ഏതെല്ലാം പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചതെന്ന് വ്യക്തമാക്കുമോ; ഓരോ പദ്ധതിക്കും ലഭിച്ച തുകയും ചെലവഴിച്ച തുകയും എത്രവീതമാണെന്ന് വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ശാസ്ത്രീയമായ കൃഷിരീതിയിലൂടെയും സമഗ്ര പരിചരണ മുറകളിലൂടെയും വേരുഹീയൽ (കാറ്റുവീഴ്ച) രോഗത്തിന്റെ തീവ്രത കുറയ്ക്കാമെന്ന് ഗവേഷണങ്ങളിലൂടെ തെളിഞ്ഞിട്ടുണ്ട്. രോഗംമൂലം വെട്ടിമാറ്റുന്ന തെങ്ങുകൾക്ക് പകരം നടുന്നതിന് രോഗം ബാധിച്ച സ്ഥലത്ത് രോഗബാധ ഇല്ലാത്ത തെങ്ങുകളിൽനിന്നും തേങ്ങ ശേഖരിച്ച് എക്കൈറ്റ് തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനും, സങ്കര ഇനം തൈകൾ CPCRI-യും കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയും ഉൽപ്പാദിപ്പിക്കുന്നതിനുമുള്ള പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്. മണ്ഡമി ബാധയ്ക്കെതിരെ വേപ്പധിഷ്ടിത ജൈവ കീടനാശിനി ഉപയോഗിക്കുന്നത് ഫലപ്രദമാണെന്ന് തെളിഞ്ഞിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

കാർഷിക മേഖലയിലെ പദ്ധതികൾ

105 [405] *ശ്രീ. കെ. കെ. ഷാജു:*

„ *ഉമേഷ് ചള്ളിയിൽ:*

„ *എ. എൻ. രാജൻബാബു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എല്ലാ കാർഷിക വിളകൾക്കും മികച്ച നിലവാരം കാത്തുസൂക്ഷിക്കുവാൻ കഴിഞ്ഞതെങ്ങനെയെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ കാർഷികമേഖലയിൽ നടപ്പിലാക്കിയ പുതിയ സംരംഭങ്ങളെക്കുറിച്ച് വിശദമാക്കുമോ;

(സി) പുതുതായി കാർഷിക മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly